**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1672** **13-02-2025 - ൽ മറുപടിയ്ക്ക്**

**കിനാനൂർ- കരിന്തളം ഗവ. കോളേജ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കിനാനൂർ-കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന് കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | 2021-22 സാമ്പത്തിക വർഷം പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കിനാനൂർ-കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിനായി അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന് 6.82 കോടി രൂപ അനുവദിക്കുകയും ടി നിർമ്മാണപ്രവൃത്തി പുരോഗമിച്ച് വരികയുമാണ്. നിലവിൽ പ്രസ്തുത അക്കാദമിക് ബ്ലോക്കിന്റെ തറയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ ഫണ്ടുകൾ ഉപയോഗിച്ചാണ് കെട്ടിടങ്ങൾ നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചതെന്നും പ്രസ്തുത ഫണ്ടുകൾ സംബന്ധിച്ച് ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ? | (ബി) | വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭിച്ച പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>i. 2021-22 സാമ്പത്തിക വർഷം പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന് 6.82 കോടി രൂപ അനുവദിക്കുകയും ടി നിർമ്മാണപ്രവൃത്തി പുരോഗമിച്ച് വരികയുമാണ്.<br><br>ii. 2021-22 സാമ്പത്തിക വർഷം മറ്റൊരു അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന് ബജറ്റ് വിഹിതമായി 5.94 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ ആയത് പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>iii. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനായി 11.31 കോടി രൂപ അനുവദിച്ചിരുന്നു. പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് മുന്നോടിയായി SPV ആയ KITCO പദ്ധതി പ്രദേശം സന്ദർശിച്ചപ്പോൾ റോഡിന്റെ വീതി കുറവാണെന്ന് അഭിപ്രായപെട്ടതിനാൽ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് സാധിച്ചിരുന്നില്ല. എന്നാൽ ആവശ്യമായ അളവിൽ (6 മീറ്റർ) റോഡിനു |

| | | | |
|---|---|---|---|
| | | | വീതിയുള്ളതായി കരിന്തളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ടി സാഹചര്യത്തിൽ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുമെന്ന് KITCO അറിയിച്ചിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറാക്കി കിഫ്ബി അനുമതി ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ